Mr. P. Kumaran Ezhuthassan *(Vadakkancheri)*: May I know whether there was not a cut motion to discuss the Vagaries of field officers of the Textile Department during the Budget Session?

Rama Varmha Tampuran, M.B.E. *(Secretary to Government)*: I want notice.

SOUTH INDIAN RAILWAY ADVISORY BOARD

൧൭ ൪. മിസ്റ്റർ എം. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ഗവർമ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) സൌത്ത് ഇന്ത്യൻ റെയിൽവെ അഡൈ്വസറി ബോർഡിൽ കൊച്ചിയുടെ പ്രതിനിധിയായി ആരെങ്കിലുമുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരാണത്;

(സി) ൧൯൪൦, ൧൯൪൧, ൧൯൪൨, ൧൯൪൩, ൧൯൪൪, ൧൯൪൫ ഈ കൊല്ലങ്ങളിൽ പ്രതിവർഷം ബോർഡിന്റെ എത്ര യോഗങ്ങൾ വീതം നടത്തീട്ടുണ്ട്;

(ഡി) ഈ യോഗങ്ങളിലെല്ലാം കൊച്ചിയുടെ പ്രതിനിധി സന്നിഹിതനായിരുന്നോ;

(ഇ) ഇല്ലെങ്കിൽ ഏതേത് യോഗങ്ങളിൽ എന്തുകാരണംകൊണ്ട് സന്നിഹിതനായില്ല;

(എഫ്) ഷൊർണ്ണൂർ, എറണാകുളം ടെയിൻ സർവ്വീസ് തീരെ അപര്യാപ്തമായിരിക്കുന്നുവെന്ന വസ്തുത എപ്പോഴെങ്കിലും കൊച്ചിയുടെ പ്രതിനിധി അഡൈ്വസറി ബോർഡിന്റെ മുമ്പാകെ കൊണ്ടുവരികയുണ്ടായിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ അതുകൊണ്ട് വല്ല ഫലവും ഉണ്ടായിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ:

(എ) ഉണ്ട്.

(ബി) ദിവാൻജിയാണ് അധിഃകൃതപ്രതിനിധി. ഗവർമ്മെണ്ട് സിക്രട്ടറി ചിലപ്പോൾ അദ്ദേഹത്തെ പ്രതിനിധീകരിക്കാറുണ്ട്.

(സി) ഓരോ കൊല്ലത്തിലും ശരാശരി നാലു യോഗങ്ങൾ വീതം.

(ഡി) ൧൯൪൦ മുതൽ ൧൯൪൫ വരെ കൊച്ചിയുടെ പ്രതിനിധി ആകെ മൊത്തം യോഗങ്ങളിൽ മാത്രമെ സന്നിഹിതനായിരുന്നുള്ളു.

(ഇ) മറ്റുയോഗങ്ങളിൽ സന്നിഹിതനാകാതിരുന്നിട്ടുള്ളത്, ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം പ്രാധാന്യമുള്ള വിഷയങ്ങൾ ആലോചനയ്ക്ക് ഇല്ലാതിരുന്നതു മൂലമോ ദിവാൻജിക്ക് മറ്റുജോലിതിരക്കുണ്ടായിരുന്നതു മൂലമോ ആണ്.

(എഫ്) ഉണ്ട്.

(ജി) ഉണ്ട്; ഷൊറണ്ണൂറിനും കൊച്ചി ഹാർബർ ടെർമിനസ്സിനും മദ്ധ്യേ അങ്ങോട്ടും ഇങ്ങോട്ടും ഒരു വണ്ടിക്കൂടതലായി ഇപ്പോൾ ഓടിതുടങ്ങിയിട്ടുണ്ട്. മുമ്പ് എടപ്പള്ളിവരെമാത്രം പോയിക്കൊണ്ടിരുന്ന ഒരു ഷട്ടിൽ ഇപ്പോൾ ആലുവാവരെ പോയിമടങ്ങുന്നുണ്ട്.

TRAINING IN FISHERY

൧൭൯. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവർമ്മെണ്ട് സദയം മറുപടി പറയുമോ.—

(എ) ഈ സംസ്ഥാനത്തുനിന്നും ഫിഷറീസ് വകുപ്പിലേക്ക് ഉയർന്തരം പരിശീലനത്തിന്നായി അടുത്തകാലത്തു ആരെയെങ്കിലും നിയോഗിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്രപേരെ ;

(സി) അവരാരെല്ലാം ;

(ഡി) ജാതിതിരിച്ചുള്ള പട്ടിക ഏത് ;

(ഇ) ഇപ്പോൾ സംസ്ഥാനത്തെ ഫിഷറീസ് വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥൻ *i. e.*, Fisheries Superintendent സർവ്വീസിൽ പ്രവേശിച്ചിട്ട് എത്ര കൊല്ലമായി?

രാമവർമ്മതമ്പുരാൻ:

(എ) മദ്രാശിയിൽ "Marine Fisheries"-ലും കൽക്കട്ടയിൽ "Fresh water Fisheries"-ലും പരിശീലനത്തിന്നായി അടുത്തകാലത്തു ആളുകളെ നിയോഗിച്ചിട്ടുണ്ട്.

(ബി) നാലുപേരെ.

LIBRARY ARCHIVES Kerala Legislative Assembly